തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹാർട്ട് ഫൗണ്ടേഷൻ

111 (3871) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്ന ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി ഒരു പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ ഹാർട്ട് ഫൗണ്ടേഷനുവേണ്ടി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 1.88 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഗവൺമെന്റ് അംഗീകരിക്കുകയും ഇതൊരു സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഹൃദ്രോഗ ചികിത്സ, ഹൃദ്രോഗം സംബന്ധിച്ച ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങളുടെ ചികിത്സയ്ക്കായും അവ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നൂതനമായ ശുശ്രൂഷകൾ നൽകുന്നതിനും ഈ സ്ഥാപനം ഉദ്ദേശിക്കുന്നു.

ലാണ്ടറികൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി

112 (3872) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുണിത്തരങ്ങൾ പുറമേ നിന്നും അലക്കി വാങ്ങുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി പ്രതിമാസം എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആശുപത്രിയിലെ നിലവിലുള്ള ലാണ്ടറികൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ തുണിത്തരങ്ങൾ പുറമേ നിന്നു അലക്കിവാങ്ങുന്നുണ്ട്. ഇതിനായി പ്രതിമാസം ശരാശരി 20,000 (ഇരുപതിനായിരം) രൂപ ചെലവഴിക്കുന്നു.

(ബി) മെഡിക്കൽ കോളേജാശുപത്രി സൂപ്രണ്ട് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly